# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5692** — **03.11.2016-ൽ മറുപടിയ്ക്ക്**

**<u>അംജത് അലിഖാന്റെ ട്രസ്റ്റിലെ അംഗങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി.ടി.എ.റഹീം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) വേളിയിൽ രണ്ട് ഏക്കർ സ്ഥലം പ്രശസ്ത സംഗീതജ്ഞനായ അംജത് അലിഖാന്റെ നേതൃത്വത്തിലുള്ള ട്രസ്റ്റിന് കൈമാറി യിട്ടുണ്ടോ; | (എ) വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥത യിലുള്ള തിരുവനന്തപുരം കടകംപള്ളി വില്ലേജിലെ 2 ഏക്കർ സ്ഥലം ഉസ്താദ് അംജദ് അലിഖാൻ സ്കൂൾ ഓഫ് മ്യൂസിക് ആരംഭിക്കുന്നതിന് വേണ്ടി അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എങ്കിലും ഭൂമി ഇതുവരെയും ട്രസ്റ്റിന് കൈമാറിയിട്ടില്ല. |
| (ബി) പ്രസ്തുത ട്രസ്റ്റിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളല്ലാതെ മറ്റാരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാ മാണെന്ന് വ്യക്തമാക്കുമോ; ഭാവിയിൽ സർക്കാർ പ്രതിനിധികൾ ഈ ട്രസ്റ്റിൽ ഉണ്ടാവുമോ ; | (ബി) ഉണ്ട്. ശ്രീ.ഷേക്ക് പരീത്, ഐ.എ.എസ്., ശ്രീ.സൂര്യകൃഷ്ണമൂർത്തി, ഡോ.പി.വി.കൃഷ്ണൻ നായർ എന്നിവർ അംഗങ്ങളാണ്. ട്രസ്റ്റിൽ നിലവിൽ സർക്കാർ പ്രതിനിധികൾ ഉൾപ്പെട്ടിട്ടില്ല. |
| (സി) ശ്രീ.അംജത് അലിഖാനെ കൂട്ടുപിടിച്ച് സൂര്യകൃഷ്ണമൂർത്തി എന്ന വ്യക്തി ട്രസ്റ്റിന്റെ ഭൂമി സ്വന്തമാക്കാനുള്ള ശ്രമം നടത്തുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) ഇത് സംബന്ധിച്ച പരാതി സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ഡി) സാംസ്കാരിക വകുപ്പിന് കീഴിലോ സർക്കാർ നിയന്ത്രണത്തിലോ വരുന്ന രീതിയിൽ പ്രസ്തുത ട്രസ്റ്റിന്റെ ബൈലോ മാറ്റാൻ സാധിക്കുമോ? | (ഡി) ഉസ്താദ് അംജദ് അലിഖാൻ ഇന്റർനാഷണൽ സ്കൂൾ ഓഫ് മ്യൂസിക് എന്ന ട്രസ്റ്റ് നിലവിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതല്ല. |

സെക്ഷൻ ഓഫീസർ